# അറിയുമോ ഇവരെ

മ്യാൻമർ പട്ടാളത്തിന്റെ കൊടും ക്രൂരതകൾ സഹിക്കാനാവാതെ പിറന്ന മണ്ണ് വിട്ടുപോവുന്ന റോഹിങ്ക്യകളുടെ വേദന ലോകം നെഞ്ചേറ്റുകയാണ്. പിറന്നു വീണ നാടും വീടും എല്ലാം ഉപേക്ഷിച്ച് യാചകരെ പോലെ അവർ അലയുകയാണ്. അവരെ അഭയാർഥികൾ എന്ന് വിളിക്കുന്നു നമ്മൾ. സൈനികരുടെ കൊടും ക്രൂരതകൾ സഹിക്കാനാകാതെയാണ് അവർ നാടുവിടുന്നത്.

കുട്ടികളെ പോലും വെറുതെ വിടാതെ ആക്രമിക്കുകയാണ് ദുഷ്ടർ. ചെറിയ കുട്ടികളെ എങ്ങനെയാണിവർക്ക് ആക്രമിക്കാൻ തോന്നുന്നത്! നമുക്ക് അവർക്കുവേണ്ടി പ്രാർഥിക്കാം.

ജീവൻ നിലനിർത്താൻ ഭക്ഷണവും തല ചായ്ക്കാൻ അൽപം ഇടവുമാണവർക്ക് വേണ്ടത്. റോഹിങ്ക്യകൾക്ക് ഇങ്ങനെ ഉപദ്രവങ്ങൾ ഏൽക്കേണ്ടി വന്നിട്ടും ആരും ഇതിനെതിരെ ശക്തമായി പ്രതികരിക്കാത്തതെന്താണ്? അനീതികളും അക്രമങ്ങളും ഇല്ലാത്ത ലോകത്തിനായി നമുക്ക് പ്രാർഥിക്കാം.

**നമിയ ഹകീം**
**ക്ലാസ് 9**
**കസ്തൂർബാ പബ്ലിക് സ്കൂൾ**
**വളപട്ടണം**




# സമയം എത്രയോ വൈകിയിരുന്നു

പനിനീർ മൊട്ട് പുതിയ ലോകത്തിലെ വിസ്മയങ്ങളിലേക്ക് നോക്കി ഇതളുകൾ വിരിച്ചു. സൂര്യാസ്തമയത്തിന്റെ മനോഹാരിതയിൽ സന്ധ്യ. കിളികൾ പാട്ട് പാടി രസിക്കുന്ന നേരം. പുഴകൾ കളം കളം പാടി ഒഴുകുകയാണ്. എല്ലാം നോക്കി നിൽക്കെ പനിനീർ പൂവ് അത് ശ്രദ്ധിച്ചു, പുഴയെ ലക്ഷ്യമാക്കി വരുന്നവൻ വേസ്റ്റുകൾ പുഴയിലേക്ക് തള്ളുന്നു.

പനിനീർ പൂവിന് ആകെ അസ്വസ്ഥത തോന്നി. അവളുടെ കണ്ണുകൾ പതിയെ പതിയെ അടയും മുമ്പ് മീനുവും അപ്പുവും വന്നു. പുഴയിലെ കാഴ്ച കണ്ട് അവർ



**ജസീം റിസ്വാൻ**
**ക്ലാസ് 3**
**ലിറ്റിൽ ഫ്ളവർ സ്കൂൾ**
**ചെലവൂർ**

**ഫാത്തിമ ഹിബ**
**ക്ലാസ് 5**
**ഹിദായത്തുൽ മുസ്‌ലിമീൻ മദ്രസ**
**മൂഴിക്കൽ**




▸▸ കാൽസ്യം സൾഫേറ്റ് ആണ് ജിപ്സം എന്നറിയപ്പെടുന്നത്.

അന്തം വിട്ടു. അവശയായ പനിനീർപ്പൂവിനെ അവർ വീട്ടിൽ കൊണ്ടുവന്ന് നട്ടു. പനിനീർപ്പൂവിന് സന്തോഷമായെങ്കിലും അവൾ പുഴയെ പറ്റി ഓർത്തു.

പിറ്റേന്ന് രാവിലെ പ്രഭാത കിരണങ്ങൾ അവളുടെ മീതെ പതിച്ചു. പതിയെ കണ്ണുകൾ തുറന്ന അവൾ കുരുവികളുടെ പാട്ടിൽ കാറ്റിനൊപ്പം ചുവടുവെച്ചു.

കുറച്ചു സമയത്തിനു ശേഷം അപ്പുവും മീനുവും സ്കൂളിലേക്ക് പോയി. അപ്പു വേഗം നടന്നു. ആ കുഞ്ഞു പനിനീർ പുഷ്പം മീനുവിനെ നോക്കി തലയാട്ടി, ഞാനും വരുന്നുണ്ടെന്ന പോലെ. മീനു അത് കൂട്ടാക്കിയില്ല. അൽപ സമയം അവൾ മൂകമായിരുന്നു.

വർണങ്ങൾ വിരിച്ച ചിത്രശലഭം അവളുടെ അടുത്തേക്ക് പാറി വന്നു. അവളിലെ മധുരമായ തേൻ കുടിച്ചു. അപ്പു പറഞ്ഞു "ആ കുഞ്ഞു പുഷ്പത്തെ നമുക്ക് സ്കൂളിൽ കൊണ്ടുപോയാലോ." "വേണ്ട" മീനു പറഞ്ഞു. അപ്പു വീട്ടിൽ എത്തിയതും സമയം എത്രയോ വൈകിയിരുന്നു. ആ കുഞ്ഞ് പുഷ്പത്തിന്റെ കണ്ണുകൾ അടഞ്ഞിരുന്നു.

**ഹിബ തഹ്സിൻ. ബി**
**ക്ലാസ് 8, ജി. ജി. എച്ച്. എസ്. എസ് ആലത്തൂർ**

# മുല്ലമൊട്ട്

മുറ്റത്തു നിൽക്കുന്ന
മുല്ലമൊട്ടേ നീ
ഒന്നുണരൂ എനിക്കായി
വെള്ളയുടുപ്പിട്ട അഞ്ചിതളുകളാൽ
നിൻ സുഗന്ധം എത്ര ഹൃദ്യം!
മുറ്റത്തു നിൽക്കുന്ന നീ
മുല്ലമൊട്ടേ ഒന്നുണരൂ എനിക്കായി!

**സന നൗഷാദ്**



**മുഹമ്മദ് ഷാഫി, ക്ലാസ് 4**
**ജി. എം. യു. പി സ്കൂൾ, മണ്ണാർക്കാട്**




## സൗന്ദര്യവും പ്രതിരോധവും

അനീതികൾക്കെതിരെ പ്രതികരിക്കുന്ന രണ്ടു രചനകളാണ് ഈ ലക്കത്തിൽ. റോഹിങ്ക്യ അഭയാർത്ഥികൾ അനുഭവിക്കുന്ന പീഡനത്തിനും ദുരിതത്തിനുമെതിരെ നന്മയുടെ ഭാഗത്തു നിന്നും പ്രതികരണം ശക്തമായി ഉയർന്നു വരാത്തതെന്തെന്ന് ആദ്യ രചനയിൽ നമിയ ഹക്കീം ചോദിക്കുന്നു. സത്യബോധത്തിന്റെയും പ്രതികരണശേഷിയുടെയും ഉത്തമദൃഷ്ടാന്തമാണ് ഈ കഥ.

ഹിബ തഹ്സിന്റെ കഥയും മനോഹരം. സൗന്ദര്യം പ്രസരിപ്പിക്കുന്നതിനൊപ്പം പരിസ്ഥിതി മലിനീകരണത്തിനെതിരെയുള്ള പ്രതിരോധവുമായും ഒരേ നേരം മാറുന്നു ഈ കൊച്ചുകഥ.

സസ്നേഹം

● മാഷ്